**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**
(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
CIN:U40100KL2011SGC027424
**രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,**
**തിരുവനന്തപുരം -695004 , കേരളം.**
**ഫോൺ : +91471 2514472 2514527 2514455 2514608**
**വെബ് : www.kseb.in ഇ-മെയിൽ poksеb@gmail.com**

**സംഗ്രഹം**

കോവിഡ് - 19 പകർച്ച വ്യാധിയുടെ പശ്ചാതലത്തിൽ സംസ്ഥാനത്ത് ഉടലെടുത്ത സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഒരു ഭാഗം താല്ക്കാലികമായി മാറ്റിവച്ച് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച The Kerala Disaster and Public health emergency (special provisions) Ordinance, 2020 കെ.എസ്.ഇ.ബി ലിമിറ്റഡിൽ ബാധകമാക്കി നടപ്പാക്കിയ ഉത്തരവിന് സ്ഥിരീകരണം നൽകി ഉത്തരവ്വ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

**കോർപ്പറേറ്റ് ഓഫീസ് (പേഴ്സണൽ)**

ബോർഡ് ഓർഡർ (എഫ്.റ്റി.ഡി) നം. 312 /2020 (പി.എസ്.1 (ബി)/69/2019)

തിരുവനന്തപുരം, തീയതി. 05 .05.2020

പരാമർശം:- 1) ഓർഡിനൻസ് നം. 30/2020 (No.6936/Leg. A1/2020/Law dated 30.04.2020.
2) സ.ഉ.(അച്ചടി) നം. 53/2020/ധന. തീയതി 30.04.2020.
3) ഓഫീസ് ഓർഡർ (സി.എം.ഡി) നം.699/2020 (പി.എസ്.1 (ബി)/69/2019) തീയതി 02.05.2020.
4) നം. പി.എസ്.1 (ബി)/69/2019 തീയതി 04.05.2020 പ്രകാരം മുഴുവൻ സമയ ഡയറക്ടർമാർക്ക് സമർപ്പിച്ച കുറിപ്പ് (അജണ്ട നം.1/5/2020).

**ഉത്തരവ്**

കോവിഡ് - 19 പകർച്ചവ്യാധിയുടെ വ്യാപനം മൂലം സംസ്ഥാനത്തുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും പ്രതിമാസ ശമ്പളത്തിന്റെ 25% വരെ താൽക്കാലികമായി മാറ്റിവയ്ക്കുവാൻ സംസ്ഥാന സർക്കാരിനെ അധികാരപ്പെടുത്തി സൂചന (1) പ്രകാരം ഓർഡിനൻസ് പുറപ്പെടുവിക്കപ്പെട്ടിരുന്നു. അതിനോടനുബന്ധിച്ച് സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പ്രതിമാസ ശമ്പളത്തിൽ നിന്നും ആറ് ദിവസത്തെ ശമ്പളം വീതം ഏപ്രിൽ 2020 മുതൽ ആഗസ്റ്റ് 2020 വരെയുള്ള കാലയളവിൽ വിതരണം ചെയ്യാതെ മാറ്റിവയ്ക്കുവാൻ നിർദ്ദേശിക്കുന്ന സർക്കാർ ഉത്തരവ് സൂചന (2) പ്രകാരം പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത സർക്കാർ ഉത്തരവ് സർക്കാർ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ സാമ്പത്തിക സഹായത്തിലോ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ബാധകമാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ടി. ഉത്തരവിലെ വ്യവസ്ഥകൾ കെ..എസ്.ഇ.ബി ലിമിറ്റഡിലും പ്രാബല്യത്തിൽ വരുത്തി ട്രഷറിയിൽ പ്രത്യേക അക്കൗണ്ട് ആരംഭിക്കുന്നതടക്കമുള്ള അനന്തര നടപടികൾക്ക് KSEB ലിമിറ്റഡിലെ ഫിനാൻഷ്യൽ അഡ്വൈസറെ ചുമതലപ്പെടുത്തി മേൽ സൂചന 3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മേൽ ഉത്തരവിന് അംഗീകാരം നൽകുന്നതിലേക്കായി സൂചന 4 പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിലെ മുഴുവൻസമയ ഡയറക്ടർമാർക്ക് സമർപ്പിച്ചിരുന്ന കുറിപ്പ് അംഗീകരിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നമ്പർ.30/2020 (No.6936/Leg.A1/2020/Law തീയതി 30/04/2020 പ്രകാരമുള്ള ഓർഡിനൻസ് സർക്കാർ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ സാമ്പത്തിക സഹായത്തിലോ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ബാധകമാക്കിയിട്ടുള്ളതു കണക്കിലെടുത്ത് മേൽ ഉത്തരവ് കെ.എസ്.ഇ.ബി ലിമിറ്റഡിൽ പ്രാബല്യത്തിൽ വരുത്തി ഓഫീസ് ഓർഡർ (സി.എം.ഡി) നമ്പർ 699/2020 (പി.എസ്.1 (ബി)/69/2019) തീയതി 02.05.2019 പ്രകാരം KSEB Ltd പുറപ്പെടുവിച്ച ഓഫീസ് ഉത്തരവിന് സ്ഥിരീകരണം നൽകി ഇതിനാൽ ഉത്തരവാകുന്നു.

മുഴുവൻ സമയ ഡയറക്ടർമാരുടെ ആജ്ഞാനുസരണം

**ഒപ്പ്**
**ലേഖ. ജി**
**കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്**

പകർപ്പ് :-

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും/
എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും/എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/
എല്ലാ അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റുകൾക്കും
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
പി. എ ടു ഡയറക്ടർ (ഫിനാൻസ്)
ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എച്ച്. ആർ.എം)
ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ, സി.പി, ആർ.ഇ.ഇ.എസ് & സേഫ്റ്റി)
ടി. എ ടു ഡയറക്ടർ {ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്.സി.എം}
ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)}
കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ് /സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
ചീഫ് വിജിലൻസ് ഓഫീസർ / ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഐ.റ്റി)
ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിന് പ്രകാരം

സീനിയർ സൂപ്രണ്ട്